# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5692** 09/07/2012 ൽ മറുപടിക്ക്

## വഞ്ചിവയൽ സ്കൂളിലെ ഉച്ചഭക്ഷണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. ഇ. എസ്. ബിജിമോൾ : | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) നിലവിൽ ഏത് ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകിവരുന്നു എന്നു വ്യക്തമാക്കാമോ; | എ) | പ്രീ-പ്രൈമറി തലം മുതൽ എട്ടാംതരംവരെയുള്ള കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകിവരുന്നു. |
| ബി) കട്ടപ്പന വിദ്യാഭ്യാസ ജില്ലയിലെ വഞ്ചിവയൽ ഗവൺമെന്റ് ഹൈസ്ക്കൂൾ അധികൃതർ 9,10 ക്ലാസ്സുകളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനുവേണ്ടി ധാന്യങ്ങൾ അനുവദിച്ചുനൽകണമെന്ന അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ ? | ബി) | തോട്ടം മേഖലയിലെ പ്രതിസന്ധി കണക്കിലെടുത്ത് വഞ്ചിവയൽ ഗവ. ഹൈസ്കൂളിലെ 9, 10 ക്ലാസുകളിലെ കുട്ടികളെ കൂടി ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ